LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡുകളുടെ അലൈൻമെന്റ് പൂർണ്ണമായും നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

(എ & ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരി പ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30-12-2017-ലെ സ.ഉ(കൈ) നമ്പർ 74/2017/ പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത റോഡുകളിൽ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള റോഡുകളുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് ഈ അലൈൻമെന്റിൽ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ക്രമ നമ്പർ 6-ലെ റോഡിന്റെ അലൈൻമെന്റ് കിഫ്ബി അംഗീകരിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പൂർത്തീകരണം ത്വരിതഗതിയി ലാക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള അനുബന്ധത്തിലെ ക്രമ നമ്പർ 1, 2, 3, 6 എന്നിവയിലെ റോഡ് പ്രവൃത്തികളിൽ ഇനി ഡി.പി.ആർ. സമർപ്പിക്കാൻ ബാക്കിയുള്ള റോഡുകളുടെ ഡി.പി.ആർ. വേഗത്തിൽ പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

റോഡ് നിർമ്മാണ പ്രവൃത്തികൾ

26 (775) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന തൃശൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തി ലാണെന്ന് അറിയിക്കുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ & ബി) തൃശ്ശൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡിന് കിഫ്ബിയിൽനിന്നും 16-3-2018-ലെ ഉത്തരവുപ്രകാരം 32.89 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് 10-4-2018-ലെ 24-ാം ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 12 മീറ്റർ RoW-യിലേയ്ക്ക് വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ലാന്റ് അക്വിസിഷനുവേണ്ടി 60 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സ്ഥലമേറ്റെടുക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ ആവശ്യമായ RoW ലഭ്യമല്ലാത്തതിനാൽ ലഭ്യമായുള്ള വീതിയിൽ നിർമ്മാണം നടത്തുന്നത് പരിഗണിക്കണമെന്ന നിർദ്ദേശം കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമായി തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ അലൈൻമെന്റിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പുതുക്കിയ അലൈൻമെന്റും ഡിസൈനും അനുസരിച്ചുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനും തുടർന്ന് ടെണ്ടർ നടപടികൾ കൈക്കൊള്ളേണ്ടതുമായ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത്.

പുന്നാവൂർ പാലം നിർമ്മാണം

27 (776) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ പോങ്ങുംമൂട് പുന്നാവൂർ പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പോങ്ങുംമൂട്-പുന്നാവൂർ പാലം നിർമ്മാണത്തിനായി 29-12-2020-ന് ആദ്യ ടെണ്ടർ നടത്തിയെങ്കിലും കരാറുകാർ പ്രതികരിക്കാതിരുന്നതിനെത്തുടർന്ന് 22-1-2021-ന് വീണ്ടും ടെണ്ടർ ചെയ്തു. ഒറ്റയാൾമാത്രം പങ്കെടുത്ത ബിഡിൽ കാട്ടുഡ് തുക നിയമപ്രകാരം അനുവദിക്കുന്നതിനേക്കാൾ ഉയർന്ന നിരക്കിലായിരുന്നതിനാൽ പരമാവധി അനുവദിക്കാവുന്ന തുകയായ DSoR+10%-ന് നിജപ്പെടുത്തി 3-6-2021-ന് ടെണ്ടർ അനുമതി നൽകി. കരാറുകാരൻ ഈ തുക അംഗീകരിക്കുന്നപക്ഷം ഉടൻ എഗ്രിമെന്റുവച്ച് പണി ആരംഭിക്കാനാവും.